STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.430/PR/SPMC/PHQ/2021 Date :23.09.2021

# കാസർകോട് സംസ്ഥാന പോലീസ് മേധാവി നടത്തിയ പരാതി പരിഹാര അദാലത്തിൽ 41 പരാതികൾ പരിഗണിച്ചു

സംസ്ഥാന പോലീസ് മേധാവി അനിൽകാന്തിൻറെ പരാതി പരിഹാര അദാലത്ത് കാസർകോട് സംഘടിപ്പിച്ചു. 41 പരാതികളാണ് പരിഗണിച്ചത്. തുടർന്ന് പോലീസ് ഉദ്യോഗസ്ഥരുടെ പരാതികളും അദ്ദേഹം സ്വീകരിച്ചു.

പരാതികളുടെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ തരത്തിലുള്ള അന്വേഷണങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. അദാലത്തിൻറെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് നേരത്തെ നിർവ്വഹിച്ചു. പത്തനംതിട്ട, കൊല്ലം, കണ്ണൂർ ജില്ലകളിൽ ഇതിനകംതന്നെ സംസ്ഥാന പോലീസ് മേധാവി പരാതി പരിഹാര അദാലത്ത് നടത്തിയിരുന്നു.

വിദൂര ജില്ലകളിൽ നിന്ന് പോലീസ് ആസ്ഥാനത്ത് എത്തി സംസ്ഥാന പോലീസ് മേധാവിയെ നേരിട്ടുകണ്ട് പരാതി പറയുന്നതിന് സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് സംസ്ഥാന പോലീസ് മേധാവി ജില്ലകളിൽ നേരിട്ടെത്തി പരാതി സ്വീകരിക്കുന്നത്. മുതിർന്ന പോലീസ് ഓഫീസർമാർ അദാലത്തിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: കാസർകോട് നടന്ന പരാതി പരിഹാര അദാലത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പരാതി സ്വീകരിക്കുന്നു.

*************************